കേരള സർക്കാർ
ജലസേചനവകുപ്പ് (ചെറുകിട ജലസേചന വിഭാഗം)
ദർഘാസ് പരസ്യം
(പോസ്റ്റൽ ടെണ്ടർ)

നമ്പർ. ഡി.ബി-ടി.ആർ-01/2017-18

തീയതി: 21.02.2018

കേരള ഗവർണർക്കുവേണ്ടി ജലസേചന വകുപ്പ് ചെറുകിട ജലസേചന വിഭാഗം സുൽത്താൻ ബത്തേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മൽസരാടിസ്ഥാനത്തിലുള്ള മുദ്ര വെച്ചതും പ്രവർത്തിയുടെ പേരും ദർഘാസ് നമ്പറും കരാറുകാരന്റെ മുഴുവൻ മേൽവിലാസവും വ്യക്തമായി ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസു കൾ ക്ഷണിക്കുന്നു. *ദർഘാസുകൾ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് മുഖാന്തിരം റജിസ്റ്റേഡ് തപാലിൽപോസ്റ്റ് ചെയ്തിട്ടുള്ളതായിരിക്കണം. കൊറിയർ സർവ്വീസ് മുഖാന്തിരമോ നേരിട്ടോ ഉള്ള ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുകയില്ല.* 2013 മാർച്ച് മാസം 22-ാം തീയതി മുതൽ 24-ാം തീയതി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ചെറുകിട ജലസേചന വിഭാഗം സുൽത്താൻ ബത്തേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും രേഖാമൂലം രൊക്കം പണമടച്ച് ആവശ്യപ്പെട്ടാൽ ദർഘാസ് പ്രമാണങ്ങൾ ലഭിക്കുന്നതാണ്. അംഗീകൃത കരാറുകാരുടെ നിലവിലുള്ള രജിസ്ട്രേഷൻ കാർഡ് ഹാജരാക്കിയാൽ മാത്രമേ ദർഘാസ് ഫോറം നൽകപ്പെടുകയുള്ളൂ. കരാറുകാരുടെ രജിസ്ട്രേഷൻ കാർഡ് ജി.ഒ (എം.എസ്) നം.96/2013/പിഡബ്ള്യൂ.ഡി തിയതി 22.11.2013 പ്രകാരം ഉള്ളതോ, അല്ലെങ്കിൽ പുതുക്കിയ രീതിയിലേക്ക് സ്വിച്ച് ഓവ്വർ ചെയ്തതോ ആയിരിക്കണം . 2018 മാർച്ച് മാസം 26-ാം തീയതി വൈകുന്നേരം 4 മണിവരെ തപാലിൽ ലഭിക്കുന്ന ദർഘാസുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. അന്നേ ദിവസം തന്നെ വൈകുന്നേരം 4.30 മണിയ്ക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥരോ തൽസമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരത ദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില (രൂപ) | പ്രവൃത്തി തീർക്കേണ്ട കാലാവധി | കരാറുകാരുടെ യോഗ്യത (ക്ലാസ്സ്) |
|---|---|---|---|---|---|---|---|
| 01 | 01/17-18/ എ.ഇ.ഇ | സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ പുതുച്ചോല വയൽ കുളം പുനരുദ്ധാരണ പ്രവൃത്തി | 44000 | 1100/- | 300+12% ജി.എസ്.ടി. | 2 മാസം | പുതുക്കിയരീതിയിലുള്ള 'ഡി' യും ഉപരിയും |

ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രജി. കാർഡിനോടൊപ്പം അവർ ഏറ്റെടുത്തിരിക്കുന്ന പണികളുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറങ്ങൾ കരാറുകാർ പരസ്പരം കൈമാറുവാൻ പാടുള്ളതല്ല.

ദർഘാസ് തുറക്കുന്ന ദിവസം പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്ത് ദർഘാസുകൾ തുറക്കുന്നതാണ്. നിരതദ്രവ്യം ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പ്ളെഡ്ജ് ചെയ്യേണ്ടതാണ്. അല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്.

ദർഘാസുകൾ സമർപ്പിക്കുമ്പോൾ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രാഥമിക കരാർ അടക്കം ചെയ്യേണ്ടതാണ്. അല്ലാത്തവ നിരസിക്കുന്നതാണ്. പ്രവർത്തികൾക്ക് ദർഘാസ്സുകൾ സ്വീകരിച്ച ശേഷം പ്രവർത്തി ലഭിച്ച കരാറുകാരൻ അസ്സൽ ഉടമ്പടി വെയ്ക്കാതെ ഒഴിഞ്ഞു മാറുകയാണെങ്കിൽ ആ കാരണം കൊണ്ട് പ്രവർത്തികൾ വേറെ കരാറുകാരനെ ഏൽപ്പിക്കേണ്ടി വന്നാൽ അതുമൂലം സർക്കാറിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഇത്തരത്തിൽ ഒഴിഞ്ഞുമാറുന്ന കരാറുകാരൻ ഉത്തരവാദിയായിരിക്കും.

കേരള ജലവിഭവവകുപ്പിലെ ദർഘാസ്സുകളെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസ്സിനും ബാധകമായിരിക്കും. ദർഘാസ്സുകൾ സംബന്ധിച്ച അന്തിമതീരുമാനം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമായിരിക്കും

---

OFFICE OF THE ASST. EXECUTIVE ENGINEER
MINOR IRRIGATION
SUB DIVISION
DATE
S.BATHERY - 673 592

അനിത.പി.ഡി.
(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ചെറുകിട ജലസേചന വിഭാഗം, സുൽത്താൻ ബത്തേരി- വയനാട്.